# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2070    12-02-2013 ന് മറുപടിയ്ക്ക്**

## അങ്കമാലി നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതിന് റവന്യൂ - വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധന

**ചോദ്യം**

ശ്രീ. ജോസ് തെറ്റയിൽ

**മറുപടി**

ശ്രീ.കെ.ബി.ഗണേഷ്കുമാർ
(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി)

(എ) അങ്കമാലി നിയോജക മണ്ഡലത്തിൽ അയ്യമ്പുഴ പഞ്ചായത്തിലെ പാത്തക്കുളം, കരേക്കാട്ട്, കടുകുളങ്ങര - കണ്ണിമംഗലം തുടങ്ങിയ പ്രദേശങ്ങളിൽ വർഷങ്ങളായി വന ഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതിക്കാർ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനായി റവന്യൂ - വനം വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനാ റിപ്പോർട്ടിന്മേൽ വനം വകുപ്പിന്റെ അഭിപ്രായം സമർപ്പിച്ചിട്ടുണ്ടോ ;

(എ) ടി പ്രദേശങ്ങളിൽ വർഷങ്ങളായി വന ഭൂമി കൈവശം വച്ച് താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള 145 കുടുംബങ്ങൾക്ക് റെക്കോർഡ് ഓഫ് റൈറ്റ്സ് (RoR) നൽകുന്നതിനുള്ള വനഭൂമി പതിവ് സംയുക്ത പരിശോധനാ റിപ്പോർട്ട് വനം വകുപ്പിന്റെ അഭിപ്രായം സഹിതം അനന്തര നടപടികൾക്കായി എറണാകുളം ജില്ലാ കളക്ടറുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച വകുപ്പിന്റെ അഭിപ്രായം വെളിപ്പെടുത്താമോ ?

(ബി) വനം റവന്യൂ വകുപ്പുകൾ നടത്തിയ സംയുക്ത പരിശോധനയിൽ പട്ടയം നൽകുന്നതിനുള്ള 145 അപേക്ഷകളിൽ 103 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ നൽകാവുന്നതാണെന്നും 42 കുടുംബാംഗങ്ങളുടെ അപേക്ഷ പരിഗണിക്കുവാൻ കഴിയില്ല എന്നുമുള്ളതുമാണ് വനം വകുപ്പിന്റെ അഭിപ്രായം.

സെക്ഷൻ ഓഫീസർ